## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. * 214 06.11.2019 -ൽ മറുപടിക്ക്

## കരിയർ നയം രൂപീകരിക്കാൻ നടപടി

**ചോദ്യം**

ശ്രീ.വി.അബ്ദുറഹിമാൻ
ശ്രീ.റ്റി.വി.രാജേഷ്
ശ്രീ.കെ.ആൻസലൻ
ശ്രീമതി.യു.പ്രതിഭ

**ഉത്തരം**

ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിദ്യാഭ്യാസത്തിന്റെ വ്യാപ്തിയിലും ഗുണനിലവാരത്തിലും മുന്നിൽ നിൽക്കുമ്പോഴും തൊഴിലില്ലായ്മ പ്രധാന പ്രശ്നമായിട്ടുള്ള സാഹചര്യത്തിൽ പഠനം, പരിശീലനം, ജോലി തെരഞ്ഞെടുക്കൽ എന്നിവയിൽ ശാസ്ത്രീയ മാർഗം രൂപപ്പെടുത്തുന്നതിന് കരിയർ നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ മുഴുവൻ ജനങ്ങളുടെയും സമഗ്രപുരോഗതിയ്ക്ക് ഉതകുന്ന നിലയിൽ അവരുടെ കരിയർ ജീവിതം ആസൂത്രണം ചെയ്യുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയെന്നതാണ് കരിയർ നയം രൂപീകരിക്കുന്നതിലൂടെ ഉദ്ദേശിക്കുന്നത്. കരിയർ നയം പ്രഖ്യാപിക്കുന്ന ആദ്യത്തെ ഇന്ത്യൻ സംസ്ഥാനമായി കേരളം മാറുകയാണ്. ഇതുവഴി വിപ്ലവകരമായ മാറ്റം വിദ്യാർത്ഥികളിലും യുവജനങ്ങളിലും സൃഷ്ടിക്കാൻ കഴിയുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു. |
| (ബി) | വ്യവസായ, സേവന രംഗങ്ങളിൽ അതിദ്രുതം ഉണ്ടാകുന്ന മാറ്റങ്ങൾക്കനു-സരിച്ച് ആർജ്ജിക്കേണ്ട നൈപുണ്യ ശേഷി വിലയിരുത്തുന്നതിനും അവ പകർന്നു നൽകുന്നതിനും വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്താൻ പരിപാടിയുണ്ടോ; | (ബി) | ഉണ്ട്. കരിയർ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി കാലാനുസൃതമായ മാറ്റങ്ങൾക്കനുസരിച്ച് നൈപുണ്യശേഷി വിലയിരുത്തുന്നതിനും അവ പകർന്ന് നൽകുന്നതിനും വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയുന്നതാണ്. |
| (സി) | നിലവിലുള്ള വൊക്കേഷണൽ ഗൈഡൻസ് സെന്ററുകളുടെ പ്രവർത്തനം വിപുലീകരിക്കാനും ഫലപ്രദമാക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. നിലവിലുള്ള വൊക്കേഷണൽ ഗൈഡൻസ് സെന്ററുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം വിവിധ മത്സര പരീക്ഷാ പരിശീലന പരിപാടികൾ, കരിയർ സെമിനാർ, കരിയർ എക്സിബിഷനുകൾ സംഘടി-പ്പിച്ചു വരുന്നുണ്ട്. ഇതിനു പുറമേ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ തൊഴിൽരഹി-തർക്ക് പരമാവധി ലഭ്യമാക്കുക എന്ന ലക്ഷ്യം |

| | | | |
|---|---|---|---|
| | | | മുൻനിർത്തി മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിച്ച് വരുന്നുണ്ട്. വി.ജി (വൊക്കേഷണൽ ഗൈഡൻസ്) പ്രവർത്തനങ്ങളുടെ വിപുലീകരണത്തിന്റെ ഭാഗമായി, ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതർക്കായി കരിയർ ഡവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ യുവാക്കളുടെ നൈപുണ്യ ശേഷി വികസിപ്പിച്ച് സ്വകാര്യ മേഖലയിലുള്ള തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിനായി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററുകളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമീണമേഖലയിൽ ഉദ്യോ-ഗാർത്ഥികൾക്കു കരിയർ സംബന്ധമായ സേവനങ്ങൾ നൽകുന്നതിനും, ഉന്നത വിദ്യാഭ്യാസം നേടുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും, മത്സരപരീക്ഷാ പരിശീലനങ്ങളും, മൃദു നൈപുണ്യ പരിശീലനങ്ങളും സംഘടിപ്പിക്കുന്നതിനും ലക്ഷ്യമിട്ടു കൊണ്ട് കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളും, കോളേജ് വിദ്യാർത്ഥികൾക്കും, തൊഴിൽ അന്വേഷകർക്കുമായി യൂണിവേഴ്സിറ്റികളോടനു-ബന്ധിച്ച് മോഡൽ കരിയർ സെന്ററുകളും പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ